# കേരള കാർഷിക സർവ്വകലാശാല

കാർഷിക ഗവേഷണ കേന്ദ്രം, ആനക്കയം
മലപ്പുറം ജില്ല, പിൻ: 676509
*(ഫോൺ: 0483-2848239, 2848050,* ഇമെയിൽ: arsanakkayam@kau.in*)*

നം. .എ1 - 893/2017 തീയതി: 01/09/2021

## ക്വട്ടേഷൻ/ലേല പരസ്യം

കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള ആനക്കയം കാർഷിക ഗവേഷണ കേന്ദ്രത്തിലെ 6-ാം ബ്ലോക്കിൽ വീണുകിടക്കുന്ന താഴെ പറയുന്ന മരം **20.09.2021 രാവിലെ 11.30** മണിക്ക് ഫാമിൽ വെച്ച് പരസ്യമായി ലേലം ചെയ്തും ക്വട്ടേഷൻ സ്വീകരിച്ചും വിൽക്കുന്നതാണ്.

| ക്രമ നമ്പർ | ബ്ലോക്ക് നമ്പർ | മരം നമ്പർ | ഇനം | എണ്ണം | റിമാർക്സ് |
|---|---|---|---|---|---|
| 1 | VI | 118 | തേക്ക് | 1 | മുറിച്ച് നീക്കുവാൻ |

**നിബന്ധനകൾ**

1. ലേലത്തിൽ/ക്വട്ടേഷനിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ ലേല ദിവസം 20.09.2021 രാവിലെ 11 മണിക്കു മുമ്പായി 5000/–രൂപ (അയ്യായിരം രൂപ മാത്രം) നിരതദ്രവ്യം ഓഫീസിൽ കെട്ടിവെയ്ക്കേണ്ടതാണ്. ക്വട്ടേഷൻ നൽകുന്നവർ ലേല ദിവസം രാവിലെ 11 മണിക്കു മുമ്പായി ക്വട്ടേഷനുകൾ ഓഫീസിൽ സമർപ്പിക്കേണ്ടതാണ്.

2. ലേലത്തിൽ ഏററവും കൂടുതൽ സംഖ്യയ്ക്കു വിളിക്കുന്ന ആളുടെ പേരിലോ ലേലത്തിനു ശേഷം തുറക്കുന്ന ക്വട്ടേഷനിൽ ഏററവും കൂടുതൽ തുക കാണിച്ചിരിക്കുന്ന വ്യക്തിയുടെ പേരിലോ ലേലം/ക്വട്ടേഷൻ ഉറപ്പിക്കുന്നതും ടിയാൻ ലേലം/ക്വട്ടേഷൻ തുകയുടെ 1/3 ഭാഗം അന്നേ ദിവസം തന്നെ ഓഫീസിൽ അടയ്ക്കേണ്ടതും ബാക്കി തുക 7 ദിവസത്തിനകം അടച്ച് മരം മുറിയ്ക്കാനുള്ള അനുവാദം വാങ്ങേണ്ടതുമാണ്.

3. ലേലം/ക്വട്ടേഷൻ പിടിച്ച വ്യക്തി ലേലം/ക്വട്ടേഷൻ തുകയുടെ 25% സെക്യൂരിറ്റി സംഖ്യയായ അന്നേദിവസം ഈ ഓഫീസിൽ അടക്കേണ്ടതാണ്. ടി തുക മരം മുറിച്ച് നീക്കം ചെയ്തതിനുശേഷം പലിശ രഹിതമായി ബാധ്യതകളൊന്നുമില്ലെങ്കിൽ തിരിച്ചു നൽകുന്നതാണ്.

4. ലേലത്തിൽ പിടിച്ച മരം മുറിയ്ക്കാനുള്ള അനുവാദം ലഭിച്ച് 10 ദിവസത്തിനകം ഫാമിലെ വസ്തുവഹകൾക്ക് കേടുപാടുകൾ കൂടാതെ മരം മുറിച്ചു മാറേറണ്ടതുമാണ്. അല്ലാത്ത പക്ഷം ഫാമിന് വരുന്ന നഷ്ടത്തിന് നിയമ വിധേയമായ നടപടികളും പിഴ പലിശയും ഈടാക്കുന്നതായിരിയ്ക്കും.

5. ലേല സംഖ്യക്കു പുറമെ ലേല സംഖ്യയുടെ 18% ചരക്ക് സേവന നികുതിയും (ജിഎസ്ടി), ലേലസംഖ്യയുടെ 5 % വനവികസന നികുതിയും 2.5% ആദായനികുതിയും ലേലം/ക്വട്ടേഷൻ പിടിച്ച ആൾ അടയ്ക്കേണ്ടതാണ്.

6. ലേലം ഉറപ്പിക്കുവാനോ മാററിവെയ്ക്കുവാനോ ഉള്ള എല്ലാ അധികാരങ്ങളും ഈ കേന്ദ്രത്തിലെ മേധാവിയിൽ നിക്ഷിപ്തമാണ്. ലേലം/ക്വട്ടേഷൻ സംബന്ധമായ എല്ലാ സർക്കാർ വ്യവസ്ഥകളും ഈ ലേലത്തിനും ബാധകമാണ്.

7. ലേലം ചെയ്യാൻ ഉദ്ദേശിക്കുന്ന മരം എല്ലാ പ്രവൃത്തി ദിവസങ്ങളിലും ഫാമിൽ വന്ന് പരിശോധിക്കാവുന്നതാണ്. ലേല സംബന്ധമായ കൂടുതൽ വിവരങ്ങൾക്ക് ഫാം ഓഫീസുമായി ബന്ധപ്പെടാവുന്നതാണ്.

ഡോ. മുസ്തഫ കുന്നത്താടി
പ്രൊഫസർ & ഹെഡ് i/c

പകർപ്പ്:

അസി. കൺസർവേററർ ഓഫ് ഫോറസ്റ്റ്, മലപുറം
ഫാം / ഓഫീസ് നോട്ടീസ് ബോർഡ്
ആനക്കയം പഞ്ചായത്ത് ഓഫീസ് നോട്ടീസ് ബോർഡ്
ആനക്കയം വില്ലേജ് ഓഫീസ് നോട്ടീസ് ബോർഡ്
ആനക്കയം കൃഷി ഭവൻ നോട്ടീസ് ബോർഡ്
മഞ്ചേരി വില്ലേജ് ഓഫീസ് നോട്ടീസ് ബോർഡ്
മഞ്ചേരി താലൂക്ക് ഓഫീസ് നോട്ടീസ് ബോർഡ്
മഞ്ചേരി മുൻസിപ്പാലിററി ഓഫീസ് നോട്ടീസ് ബോർഡ്
സർക്കുലേഷൻ.
വെബ്സൈറ്റ്, കെ.എ.യു
പ്രസ് ക്ലബ്ബ്, മലപ്പുറം